**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1082** **08/02/2013 ൽ മറുപടിക്ക്**

# 'സീമാറ്റ്' കേരളയ്ക്ക് നീക്കിവച്ച തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ശശി: | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | 2012-13-ലെ സംസ്ഥാന ബഡ്ജറ്റിൽ 'സീമാറ്റ്' കേരളയ്ക്ക് നീക്കിവച്ച 2 കോടി രൂപ ഏതൊക്കെ പരിപാടിക്കായി വിനിയോഗിക്കാനാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | 2012-13 വർഷത്തിൽ സീമാറ്റ് കേരളയ്ക്ക് നീക്കി വച്ച തുക താഴെ പറയുന്ന പരിപാടികൾക്ക് വിനിയോഗിക്കാനായി വകയിരുത്തിയിരിക്കുന്നു.<br>1) ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽമാർ, സംസ്ഥാനത്തെ വിദ്യാഭ്യാസ ഓഫീസർമാർ, അദ്ധ്യാപകർ, രക്ഷിതാക്കൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ തുടങ്ങിയവർക്ക് മാനേജ്മെന്റ് പരിശീലനം നൽകുക, അവലോകന വിലയിരുത്തൽ പരിപാടികൾ നടപ്പിലാക്കുക.<br>2) വിദ്യാഭ്യാസ വികസന പരിപാടികൾ, ട്രൈ ഔട്ടുകൾ, വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, ആക്ഷൻ പ്ലാൻ. പഠനങ്ങൾ, നൂതന മാതൃകകളുടെ ശേഖരണം തുടങ്ങിയവ.<br>3) ഡോക്യുമെന്റേഷൻ, ജേർണലുകളുടെ പ്രസിദ്ധീകരണം, കൈപ്പുസ്തകങ്ങൾ, പഠനസാമഗ്രികൾ, പുസ്തകങ്ങൾ, സർട്ടിഫിക്കറ്റ്/ഡിപ്ലോമ കോഴ്സുകൾ നടത്തുക.<br>4) ഓഫീസിന്റെ ആധുനിക വൽക്കരണവും അറ്റകുറ്റപണികളും.<br>5) ആവർത്തനച്ചെലവുകൾ വഹിക്കുക. |
| ബി) | ഈ ബഡ്ജറ്റ് പ്രകാരം ഏറ്റെടുത്തിട്ടുള്ള പരിപാടികളിൽ ഏതെല്ലാം ലക്ഷ്യം കൈവരിച്ചെന്ന് വ്യക്തമാക്കുമോ; ഇതിനായി നാളിതുവരെ ചെലവഴിച്ച തുക എത്രയെന്ന് പറയാമോ; | ബി) | 1) ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽമാർ, സംസ്ഥാനത്തെ വിദ്യാഭ്യാസ ഓഫീസർമാർ തുടങ്ങിയവർക്ക് മാനേജ്മെന്റ് പരിശീലനം നൽകി വരുന്നു.<br>2) അസംബ്ലി മണ്ഡലങ്ങളിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിവരുന്നു. സമഗ്ര വിദ്യാഭ്യാസ പദ്ധതി 36 മണ്ഡലങ്ങളിൽ നടപ്പിലാക്കി വരുന്നു. |

3) ടി മണ്ഡലങ്ങളിലെ പ്രഥമാദ്ധ്യാപകർക്ക് മാനേജ്മെന്റ് ഉൾപ്പെടെ മികവിനുള്ള പരിശീലനം നൽകി വരുന്നു.

4) വിദ്യാഭ്യാസ വികസന പരിപാടികൾ, ട്രൈ ഔട്ടുകൾ, വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, പഠനങ്ങൾ എന്നിവ നടത്തുന്നു.

5) ഡോക്യുമെന്റേഷൻ, ജേർണൽ പ്രസിദ്ധീകരണം, കൈപ്പുസ്തകങ്ങൾ എന്നിവ ചെയ്യുന്നു.

6) പി.ജി. ഡിപ്ലോമ/ സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

മേൽ പദ്ധതികളുടെ നടത്തിപ്പിന് നാളിതുവരെ 120.00 ലക്ഷം രൂപ ചെലവായി.

സെക്ഷൻ ഓഫീസർ